**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 19** **07-06-2021 - ൽ മറുപടിയ്ക്ക്**

**മാലിന്യ സംസ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . ടി. വി. ഇബ്രാഹിം , പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ , ശ്രീ എൻ എ നെല്ലിക്കുന്ന് , ശ്രീ. കുറുക്കോളി മൊയ്തീൻ** | | **Shri M. V. Govindan Master (തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ മാലിന്യ സംസ്കരണം ഫലപ്രദമല്ലെന്ന വിഷയം സർക്കാർ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന മാലിന്യ സംസ്കരണ പ്രവർത്തനത്തിന്റെ ഫലപ്രാപ്തി സർക്കാർതലത്തിൽ വിലയിരുത്തി വരുന്നുണ്ട്. |
| (ബി) | മാലിന്യ പ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | സംസ്ഥാനത്തെ മാലിന്യ പ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിന് വികേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിനൊപ്പം ആവശ്യമായ ഇടങ്ങളിൽ മാലിന്യത്തിൽ നിന്നും ഊർജ്ജം ഉല്പാദിപ്പിക്കുന്ന വിധത്തിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതികൾ കൂടി നടപ്പിലാക്കുക എന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. 938 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശുചിത്വ-മാലിന്യ സംസ്കരണ ത്തിനായി അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കി പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്. 938 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അജൈവ പാഴ് വസ്തുക്കൾ പ്രാഥമിക തരംതിരിവ് നടത്തി ശേഖരിക്കുന്നതിന് സ്ഥാപനതലത്തിൽ 1339 മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ പ്രവർത്തിക്കുകയാണ്. വാർഡ് അടിസ്ഥാനത്തിൽ 2825 മിനി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളും പ്രവർത്തിച്ചുവരുന്നു. എല്ലാ ജില്ലകളിലും ക്ലീൻ കേരള കമ്പനിയുടെ നേതൃത്വത്തിൽ ജില്ലാ ഗോഡൗണുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ തിരുവനന്തപുരം, തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ ജില്ലാ പഞ്ചായത്തിൻറെ നേതൃത്വത്തിലുള്ള ജില്ലാ ഗോഡൗണുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ തുടരുന്നു. ക്ലീൻ കേരള കമ്പനിയുടെ സഹകരണത്തോടെ 34490.62 മെട്രിക് ടൺ പ്ലാസ്റ്റിക്കും 210 ടൺ ഇ വേസ്റ്റും 200 ടൺ ചില്ലു മാലിന്യങ്ങളും നീക്കം ചെയ്തു. 2094 മെട്രിക് ടൺ പ്ലാസ്റ്റിക് ഉപയോഗപ്പെടുത്തി 3183.86 കിലോമീറ്റർ |

റോഡ് ടാർ ചെയ്തു. 28632 അംഗങ്ങൾ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. 50.49 ലക്ഷം വീടുകളിൽ ഹരിതകർമ്മസേനയുടെ സേവനം ലഭ്യമാക്കി. 53.29 ലക്ഷം വീടുകളിൽ ഉറവിട മാലിന്യ സംസ്കരണ സംവിധാനം സജ്ജമാക്കി. ജൈവ മാലിന്യ സംസ്കരണത്തിനായി 2117 കമ്യൂണിറ്റി കമ്പോസ്റ്റ് യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. 336 മാർക്കറ്റുകളിൽ ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങൾ പ്രവർത്തിച്ചു വരുന്നു. കമ്യൂണിറ്റി തലത്തിൽ 210 കമ്യൂണിറ്റി ബയോഗ്യാസ് പ്ലാൻറുകൾ പ്രവർത്തിച്ചു വരുന്നു. 50 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജൈവമാലിന്യം സംസ്കരിച്ച് ജൈവവളം ഉൽപ്പാദിപ്പിച്ച്, ബ്രാൻഡ് ചെയ്ത് വിൽപ്പന ആരംഭിച്ചു. പ്രതിവർഷം 12500 ടൺ ജൈവവളം കർഷകർക്ക് നൽകുന്നു. തൊഴിലുറപ്പ് മിഷൻറെ സഹായത്തോടെ 11828 കമ്പോസ്റ്റ കുഴികളും 6450 സോക്പിറ്റുകളും നിർമ്മിച്ചു. ഇറച്ചി മാലിന്യം സംസ്കരിക്കുന്നതിന് തിരുവനന്തപുരം, ആലപ്പുഴ ഒഴികെയുള്ള 12 ജില്ലകളിൽ 22 സ്വകാര്യ സംരംഭകരുടെ സഹകരണത്തോടെ റെൻ്ററിംഗ് പ്ലാൻറുകൾ പ്രവർത്തിച്ചു വരുന്നു. ഇതിലൂടെ 1200 മെട്രിക് ടൺ മൂല്യ വർദ്ധിത വസ്തുക്കൾ പ്രതിദിനം ഉൽപ്പാദിപ്പിക്കുന്നു. കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന ഇറച്ചി മാലിന്യം സംസ്കരിക്കുന്നതിനുള്ള നയം തയ്യാറാക്കിയിട്ടുണ്ട്. മുടി മാലിന്യം സംസ്കരിക്കുന്നതിന് കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ സ്വകാര്യ സംരംഭകരുടെ നേതൃത്വത്തിലുള്ള പ്ലാന്റ് സജ്ജമായി വരുന്നു. അപകടകരമായ മാലിന്യം ശാസ്ത്രീയമായി ലാന്റ്ഫിൽ ചെയ്യുന്നതിന് എറണാകുളം ജില്ലയിൽ KEIL ന്റെ നേതൃത്വത്തിലുള്ള പ്ലാന്റ് പ്രവർത്തിക്കുന്നു. റിജക്റ്റ്സ് വേസ്റ്റ് ലാന്റ്ഫിൽ ചെയ്യുന്നതിനുള്ള സാനിട്ടറി ലാന്റ്ഫിൽ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. പ്ലാസ്റ്റിക്കിനുള്ള ബദലായി പരിസ്ഥിതി സൗഹൃദ ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിന് 171 യൂണിറ്റുകൾ പ്രവർത്തിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയമ നടപടി സ്വീകരിക്കുന്നതിന് സഹായകരമായ തരത്തിൽ മാലിന്യ സംസ്കരണ മേഖലയിലെ നിയമങ്ങൾ ക്രോഡീകരിച്ച് ഹരിത നിയമങ്ങൾ എന്ന പേരിൽ കൈപുസ്തകം തയ്യാറാക്കി കിലയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും വാർഡ്തലത്തിൽ തിരഞ്ഞെടുക്കപ്പെട്ടവർക്കുമായി നൽകി. 20 ലക്ഷം പേർക്ക് പരിശീലനം നൽകി. ഒറ്റത്തവണ ഉപയോഗിച്ചു വലിച്ചെറിയുന്ന പ്ലാസ്റ്റിക്കും ഫ്ളക്സും 2020 ജനുവരി ഒന്നു മുതൽ നിരോധിച്ചു. ഹരിതകർമ്മ സേനയെ സ്വയം സംരംഭകരാക്കാൻ കഴിയുന്ന

തരത്തിൽ മാർഗ്ഗരേഖ പ്രസിദ്ധീകരിച്ചു. ഹരിതകർമ്മസേനയെ സാമ്പത്തികമായി സഹായിക്കുന്നതിന് 3 തവണ വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിച്ചു. ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്ക് സാങ്കേതിക സഹായം നൽകുന്നതിന് ഹരിത സഹായ സ്ഥാപനങ്ങളുടെ സേവനം ലഭ്യമാക്കുന്നു. സ്ക്രാപ് വ്യാപാരികൾ, പ്ലാസ്റ്റിക് റീസൈക്കിൾ വ്യാപാരികൾ, ക്ലീൻ കേരള കമ്പനി തുടങ്ങിയവയുടെ ഏകോപനം കാര്യക്ഷമമാക്കി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ശുചിത്വ മിഷൻ, കുടുംബശ്രീ മിഷൻ, തൊഴിലുറപ്പ് മിഷൻ, ക്ലീൻ കേരള കമ്പനി, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി തുടങ്ങിയവയുടെ ഏകോപനം സാധ്യമാക്കി. മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിന് ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കി. 15000 ത്തോളം സർക്കാർ ഓഫീസുകൾ ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നു. കഴിഞ്ഞ മൂന്ന് പൊതുതെരഞ്ഞെടുപ്പുകളും ഉത്സവങ്ങൾ, ആഘോഷങ്ങൾ തുടങ്ങിയ പൊതുപരിപാടികളും ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നതിലേക്ക് വലിയ മാറ്റം വന്നു കഴിഞ്ഞു. ഈ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ പൊതുപരിപാടികളിലും എല്ലാ ആഘോഷ-ഉത്സവ പരിപാടികളിലും ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നതിനുള്ള സർക്കാർ മാർഗ്ഗരേഖയും പുറത്തിറക്കിയിട്ടുണ്ട്. ഖരമാലിന്യ സംസ്കരണത്തിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നടപ്പിലാക്കിയ 718 ഗ്രാമപഞ്ചായത്തുകൾക്കും 71 നഗരസഭകൾക്കും ശുചിത്വ പദവി നൽകിയിട്ടുണ്ട്. വിഭാവനം ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ: 1. മാലിന്യ പരിപാലന സംവിധാനം മെച്ചപ്പെടുത്തുക 2. ഹരിതകേരള മിഷൻ, ക്ലീൻ കേരള കമ്പനി, ശുചിത്വ മിഷൻ, കുടുംബശ്രീ എന്നിവയുടെ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സംയോജിപ്പിക്കുക. 3. വിവിധ തരം മാലിന്യ സംസ്കരണത്തിൽ ഏർപ്പെട്ടിട്ടുള്ള ഏജൻസികളുമായി പങ്കാളിത്തം വികസിപ്പിക്കുക. 4. മാലിന്യ പരിപാലനത്തിലെ ഗുണനിലവാരമനുസരിച്ച് തദ്ദേശ സ്ഥാപനങ്ങൾക്ക് ഗ്രേഡ് നിശ്ചയിക്കൽ. ഗ്രേഡ് അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള കർമ്മ പരിപാടി നടപ്പിലാക്കുക 5. പ്രാദേശിക സാഹചര്യങ്ങൾക്കിണങ്ങുന്നതും രാജ്യത്ത് ലഭ്യമായതും വിജയകരമായി നടപ്പാക്കിയിട്ടുള്ളതുമായ ഏറ്റവും മികച്ച പദ്ധതികൾ ഉൾക്കൊണ്ട് സ്വാംശീകരിക്കൽ. 6. മാലിന്യ പരിപാലന മേഖലയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുക. 7.

| | | | |
|---|---|---|---|
| | | | പ്രധാനമായും പ്ലാസ്റ്റിക് മാലിന്യത്തിനായി അത്യാധുനികമായ പ്രോസസ്സിംഗ് സെന്ററുകൾ വികസിപ്പിക്കുക. |
| (സി) | കേന്ദ്രീകൃത മാലിന്യ സംസ്കരണത്തിന് ഏതെങ്കിലും വിധത്തിലുള്ള സഹായം എവിടെനിന്നെങ്കിലും ലഭിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ? | (സി) | കേന്ദ്രീകൃത മലിന്യ സംസ്കരണ പദ്ധതികളായ വേസ്റ്റ് റ്റു എനർജി പദ്ധതികൾ Design Build Finance Operate and Transfer (DBFOT) വ്യവസ്ഥയിൽ Public Privte Partnership ആയി നടപ്പിലാക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിക്കാവശ്യമായ ഭൂമി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായ KSIDC- ക്ക് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം ലീസിനു നൽകുകയും, KSIDC പ്രസ്തുത ഭൂമി തെരഞ്ഞെടുക്കപ്പെടുന്ന കൺസെഷണയർക്ക് പദ്ധതി കാലയളവിലേക്ക് സബ് ലീസ് ആയി കൈമാറുകയും ചെയ്യുന്നു. ഈ പദ്ധതികൾക്ക് കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന സ്വച്ഛ് ഭാരത് മിഷൻ (അർബൻ) പദ്ധതിക്കുകീഴിൽ അർഹമായ ധനസഹായം ലഭ്യമാക്കുന്നതിനായി പദ്ധതി നടപ്പിലാക്കുന്നതിന് തെരഞ്ഞെടുക്കപ്പെടുന്ന കൺസഷണയർ പദ്ധതിയുടെ DPR സമർപ്പിക്കുന്ന മുറയ്ക്ക് ആയത് കേന്ദ്ര സർക്കാരിലേക്ക് ശിപാർശ ചെയ്യുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരമുള്ള ധനസഹായം പ്രസ്തുത പദ്ധതികൾക്ക് ഇതിനോടകം ലഭ്യമായിട്ടില്ല. ലോക ബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന 2100 കോടി രൂപയുടെ പദ്ധതിയിൽ നിന്നും 814 കോടി രൂപ കേന്ദ്രീകൃത മാലിന്യ സംസ്കരണത്തിന് നീക്കി വച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ